# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 07-12-2015 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **1991**

## വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം :<br>ശ്രീ. കെ.രാധാകൃഷ്ണൻ :<br>ശ്രീ. സാജു പോൾ :<br>ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കൊച്ചിയിലെ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിയ്ക്ക് കബോട്ടാഷ് വ്യവസ്ഥകളിൽ ഇളവ് ലഭിക്കുകയുണ്ടായോ ; ഇക്കാര്യത്തിൽ മുൻ യു.പി.എ സർക്കാരിന്റെ കാലത്ത് ഷിപ്പിംഗ് മന്ത്രാലയം സ്വീകരിച്ച നിലപാട് എന്തായിരുന്നു ; കേരളത്തിൽ നിന്നുണ്ടായിരുന്ന കേന്ദ്രമന്ത്രിമാർ ഇക്കാര്യത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടായിരുന്നുവോ ; | (എ) കൊച്ചിയിലെ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിയ്ക്ക് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം 21-09-2012 ൽ കബോട്ടാഷ് നിയമത്തിൽ 3 വർഷത്തിനുശേഷമുള്ള അവലോകനത്തിന് വിധേയമായി ഇളവ് അനുവദിയ്ക്കുകയുണ്ടായി. കേരളത്തിൽ നിന്നുള്ള അന്നത്തെ കേന്ദ്രമന്ത്രിമാരുടെ ഇടപെടലും സമ്മർദ്ദവും ഉണ്ടായിരുന്നു. |
| (ബി) ഇപ്പോഴുള്ള പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു : വ്യക്തമാക്കുമോ ? | (ബി) കാർഗോ കൂടുതൽ ലഭിക്കുന്നതിനായി നികുതി, ഗതാഗത എക്സൈസ് വകുപ്പിലെ നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് കൊച്ചി തുറമുഖത്ത് നിന്നും കണ്ടെയ്നർ കയറ്റുമതി ചെയ്യുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ Mainline വെസ്സലുകളോടനു ബന്ധിച്ചുള്ള ചാർജ്ജുകളിൻമേലും ടെർമിനൽ ഹാൻഡ് ലിംഗ് ചാർജസിലും റിബേറ്റ് നൽകി വരുന്നു. കോയമ്പത്തൂരിൽ നിന്നും റയിൽ മാർഗം ICTT യിൽ കാർഗോ എത്തിക്കുന്നതിനും ശ്രമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ